LIBRARY ARCHIVES Kerala Legislative Assembly

സപ്ലൈകോ 'ലാഭം' കേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടി

48 [362] ശ്രീ. എ. എൻ. രാജൻബാബു:
" കെ. കെ. ഷാജു:
" ഉമേഷ് ചള്ളിയിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിതരണ രംഗം കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ പഞ്ചായത്തുകളിലും സപ്ലൈകോ ലാഭം കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) പൊതുവിതരണ ശൃംഖലയിലൂടെ നൽകുന്ന സാധനങ്ങൾക്ക് കൂടുതൽ സബ്സിഡി നൽകി ജനോപകാരപ്രദമാക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) വിപണനസാദ്ധ്യത, വിറ്റുവരവ്, അനുയോജ്യമായ കെട്ടിട സൗകര്യം തുടങ്ങിയ നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രദേശങ്ങളിൽ സ്ഥലം ലഭ്യമായാൽ പ്രസ്തുത സ്ഥലങ്ങളിൽ ലാഭം മാർക്കറ്റുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. വിപണന സാദ്ധ്യതയുള്ള കവലകൾ സർവേ നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശവും നൽകിയിട്ടുണ്ട്.

(ബി) കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽപ്പന നടത്തുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷന് സർക്കാർ നൽകിവരുന്ന ധനസഹായം നിലവിലുള്ള 50 കോടി രൂപയിൽ നിന്ന് 60 കോടി രൂപയാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

എഫ്.സി.ഐ.-യുടെ കീഴിലുള്ള ഡിപ്പോകളും ഗോഡൗണുകളും

49 [363] ശ്രീ. എം. മുരളി:
" എ. പി. അനിൽകുമാർ:
" വർക്കല കഹാർ:
" എം. പി. ഗംഗാധരൻ:
" ലൂഡി ലൂയിസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എഫ്.സി.ഐ.-യുടെ നിലവിലുള്ള ഡിപ്പോയോ, ഗോഡൗണോ നിർത്തുവാൻ ഉദ്ദേശമുള്ളതായി അറിയുമോ;

(ബി) എങ്കിൽ വിശദവിവരം വ്യക്തമാക്കാമോ;

(സി) തിരുവനന്തപുരത്ത് വലിയതുറയിലുള്ള ഡിപ്പോ പൂട്ടുവാൻ ആലോചന ഉള്ളതായി അറിയുമോ;

(ഡി) എങ്കിൽ പ്രസ്തുത ഡിപ്പോ നിലനിർത്തുവാൻ വേണ്ട ശുപാർശ നടത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിലുള്ള എഫ്.സി.ഐ. ഡിപ്പോയോ, ഗോഡൗണോ അടച്ചു പൂട്ടുവാൻ ഉദ്ദേശ്യമില്ലെന്ന് എഫ്.സി.ഐ. അധികൃതർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി & ഡി) തിരുവനന്തപുരത്ത് കൊച്ചുവേളിയിൽ പുതിയ റെയിൽവേ ടെർമിനൽ പണിയുന്നതിനായി നിലവിലുള്ള റെയിൽവെ ഗുഡ്ഷെഡ് നിർത്തലാക്കാൻ റെയിൽവേ തീരുമാനിച്ച സാഹചര്യത്തിൽ, വലിയതുറ എഫ്.സി.ഐ. ഡിപ്പോയിൽ ഭക്ഷ്യധാന്യങ്ങൾ സംഭരിക്കുന്നത് താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. കൊച്ചുവേളിയിൽ റെയിൽവേ ടെർമിനൽ പണിയുന്നതോടൊപ്പം വലിയതുറ എഫ്.സി.ഐ. ഡിപ്പോയിൽ ഭക്ഷ്യധാന്യങ്ങൾ ഇറക്കുന്നതിനും, സംഭരിക്കുന്നതിനുമായി "റെയിൽവേ സൈഡിംഗ്" കൂടി നിർമ്മിക്കണമെന്ന് റെയിൽവേ അധികൃതരോട് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

റേഷൻ കടകളുടെ ഫലപ്രദമായ നടത്തിപ്പ്

50 [364] ശ്രീ. എ. എ. അസീസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകൾ വഴി ഏതെല്ലാം ഭക്ഷ്യധാന്യങ്ങളാണ് ന്യായ വിലയ്ക്ക് ഇപ്പോൾ വിതരണം നടത്തിവരുന്നത്;

(ബി) റേഷൻ കടകൾ വഴി വിതരണം നടത്തുന്ന അരി ഗുണനിലവാരം കുറഞ്ഞതാണെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) റേഷൻകടകൾ വഴി അരി, ഗോതമ്പ്, പഞ്ചസാര, പി.ഡി.എസ്. ആട്ട എന്നിവ ന്യായ വിലയ്ക്ക് വിതരണം ചെയ്തുവരുന്നു. ഇതിനുപുറമേ സംസ്ഥാനത്തെ തെരഞ്ഞെടുത്ത റേഷൻകടകൾ വഴി സിവിൽ സപ്ലൈസ് കോർപ്പറേഷൻ നൽകുന്ന പലവ്യഞ്ജനങ്ങളും പയറുവർഗ്ഗങ്ങളും വിതരണം നടത്തിവരുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. റേഷൻകടകൾ വഴി വിതരണം നടത്തുന്ന അരിയുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ നിരന്തരം ജാഗ്രത പുലർത്തുന്നുണ്ട്. ഗുണനിലവാരം കുറഞ്ഞ അരി വിതരണത്തിനെടുക്കരുതെന്ന് പ്രത്യേകം നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly